

sign in 20
GHSS Kadungapuram

Sign in




# ജി.എച്ച്.എസ്.എസ്., കടുങ്ങപുരം

# Sign in


ലിറ്റിൽ കൈറ്റ്സ് അവാർഡ് 2018 –2019
ജില്ലാതലം – രണ്ടാം സ്ഥാനം
REDMI NOTE 5 PRO
MI DUAL CAMERA

# Sign in

Sign in

# ഹോക്കിസ്റ്റിക്കുമായി ഷിഫ്ന രാജസ്ഥാനിലേക്ക്

മലപ്പുറം ▸ രാജസ്ഥാനിൽ നടക്കുന്ന ദേശീയ സബ് ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിൽ കടുങ്ങപുരം ജി.എച്ച്.എസ്.എസിലെ ടി. ഷിഫ്ന കേരളത്തിന്റെ ജേഴ്സിയണിയും. മുൻനിരയിൽ മികച്ച പ്രകടനം കാഴ്ചവെക്കുന്ന ഈ കൊച്ചുമിടുക്കി മൂന്നുവർഷമായി സംസ്ഥാന സ്കൂൾ ഗെയിംസ് ഹോക്കി ചാമ്പ്യൻഷിപ്പ്, ഹോക്കി അസോസിയേഷൻ സബ് ജൂനിയർ, ജൂനിയർ, സീനിയർ മത്സരങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

12 വരെ കൊല്ലം സായി സ്റ്റേഡിയത്തിൽ പരിശീലനം നടത്തുന്ന കേരള ടീം 13-ന് രാജസ്ഥാനിലേക്കുവണ്ടി കയറും. 15 മുതലാണ് ടൂർണമെന്റ് ആരംഭിക്കുക. കണ്ണൂർ മുണ്ടേരി ഗവ. ഹയർസെക്കൻഡറി സ്കൂൾ കായികാധ്യാപകനായ മുജീബ് റഹ്മാനാണ് ടീമിന്റെ മുഖ്യപരിശീലകൻ.



ടി. ഷിഫ്ന

18 അംഗ ടീമിൽ ഇടം നേടിയ ജില്ലയിലെ ഏക പെൺകുട്ടിയാണ് ഷിഫ്ന. എറണാകുളത്ത് നടന്ന സംസ്ഥാന സബ് ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിൽ ജില്ലാ ടീമിന്റെ ക്യാപ്റ്റനായി നടത്തിയ മികച്ച പ്രകടനവും സംസ്ഥാന ക്യാമ്പിലെ മികച്ച പരിശീലനവുമാണ് ടീമിലിടം നേടാൻ തുണയായത്.

കായികാധ്യാപകരായ വി. സജാത് സാഹിർ, സി. അലവിക്കുട്ടി എന്നിവരാണ് പരിശീലകർ. കടുങ്ങപുരം തൈക്കാടൻ സൈതലവി-ആസ്യ ദമ്പതിമാരുടെ മകളാണ്.

## കാലിക്കറ്റ് ഇന്റർസോൺ കലോത്സവം

Sign in



# Sign in

# Sign in

# Sign in



# Sign in

# Sign in

# Sign in

# Sign in



# Sign in

Sign in



സംസ്ഥാന ജൂനിയർ ഹോക്കി ടീമിൽ ഇടം
നേടി ദേശീയ മത്സരത്തിനു
തെരഞ്ഞെടുക്കപ്പെട്ട കടുങ്ങപുരം
താരങ്ങൾ : ഷിഫ & ഷിഫ്ന.. അഭിനന്ദനങ്ങൾ

# Sign in

# Sign in

## المدينة العشّاق

ما أجمل أنت  يا مدينة با العشاق    عشقك  لمن ورى في الآباد
زرت مدنا في بلادي كثيرة    ولم أرمنها غير خزي وردود
عجبت بأخبار وشواهد فيك    ولا أنس الليالي  قطّفي النوادي
أنا دائما في انتظار عودتي    ولا أدري سبيل الوصول مرادي
شاهدت بك العامرات الباسقات    ذات السّكّان المترفين المزوّدين
أحسست برود الحنين الى الضمائر    ولا أحصى جودهم ولا أدري له الحدود
كم من لغات فيها حديثا وكتابة    و في رأسها تضيئ لغة الضّاد

# Sign in

# Sign in

# Sign in

# താഴ്വരയിലെ പൂക്കൾ

താഴ്വരയിലാകെ പൂക്കളായിരുന്നു!ഇളംവെയിലിൽ മഞ്ഞിൽ പുതഞ്ഞ് പതുക്കെ ഇതൾ വിരിയുന്ന മഞ്ഞയും ചെമപ്പും പൂക്കൾ!!മൂകമായ അന്തരീക്ഷത്തിൽ ഇളംകാറ്റിന്റെ മർമ്മരം മാത്രമുണ്ടായിരുന്നു.പതിയെ പതഞ്ഞൊഴുകുന്ന ആ കുഞ്ഞരുവിക്കു സമീപമായിരുന്നു അവളുടെ കൊച്ചു കുടിൽ.സലീമ,പൂക്കളെപ്പോലെ അവളും ചെമന്നിരുന്നു.കുഞ്ഞുടുപ്പിട്ട് തത്തിക്കളിച്ചുകൊണ്ട് അവൾ പുറത്തേക്കിറങ്ങി....

അവൾക്കവിടം ഒരുപാടിഷ്ടമാണ്.സലീമയും ഉമ്മയും ഉപ്പയും ഇവിടെ വന്നിട്ട് ആറ് മാസമേ ആയിട്ടുള്ളൂ.എല്ലായിടവും ചുറ്റിക്കാണാൻ അവർക്ക് നല്ല ആഗ്രഹമുണ്ട്.എന്നാൽ വിരളമായേ അവർ പുറത്തേക്ക് പോകാറുള്ളൂ.

അവൾക്ക് കൊടുക്കാനുള്ള ഭക്ഷണവുമായി ഉമ്മപുറത്തേക്കു വന്നു.മൺപാതയിലൂടെ കുട്ടകളിൽ ആപ്പിളുമായി മുഖം തട്ടത്തുമ്പു കൊണ്ട് മറച്ചു പിടിച്ച് കാശ്മീരിപ്പെണ്ണുങ്ങൾ പൊയ്ക്കൊണ്ടിരുന്നു.ഇതിവിടുത്തെ തനതു കാഴചയാണ്.

ഇവിടെയെല്ലാംസുന്ദരമാണ്.മഞ്ഞു മൂടിയ അന്തരീക്ഷവും ഇളങ്കാറ്റും പതഞ്ഞൊഴുകുന്ന കുളിരരുവിയും പച്ചപുതച്ച മലനിരകളും നിറയെ

ആപ്പിളുകളും സുന്ദരികളായ പെൺകൊടികളും .ഇങ്ങോട്ടു വരുന്നതിനു മുമ്പ് സലീമയോട് ഉമ്മ പറഞ്ഞിരുന്നു "മോളേ നമ്മൾ ഭൂമിയിലെ സ്വർഗ്ഗത്തിലേക്കാണ് പോകുന്നത് എന്ന്”.

അരുവിയിൽ കുറച്ച് ബോട്ടുകളുണ്ടായിരുന്നു!!.എവിടെ നിന്നൊക്കെയോ ഇവിടെ കാണാൻ വന്ന ടൂറിസ്റ്റുകൾ..സുഖസുന്ദരമായ അന്തരീക്ഷം ആസ്വദിക്കുകയാണെങ്കിലും ഇവരുടെ വാക്കുകളിൽ ആശങ്കയുണ്ടാകാറുണ്ട്.

ഈയിടെയായി ഉമ്മായ്ക്ക് വന്ന പോലത്ര സന്തോഷമില്ല.ആകുലചിന്തകളുമായി ഉമ്മ വേവലാതിപ്പെടുന്നത് അവർ കാണാറുണ്ട്.ഇടയ്ക്കിടെ നിരീക്ഷണത്തിനായി വരുന്ന പോലീസുകാരുടെ കാഴ്ച ഉമ്മയെ അലോസരപ്പെടുത്താറുണ്ട്.

രണ്ടാഴ്ച മുമ്പ് ഇവിടെ നിന്നും രണ്ട് കി.മി.അകലെ നിന്നും ഒരു വെടി ശബ്ദം കേട്ടിരുന്നു.ഉറങ്ങുകയായിരുന്ന സലീമ ഞെട്ടിയുണർന്ന് ഉമ്മയെ കെട്ടിപ്പിടിച്ച് കരഞ്ഞു.അതിൽപ്പിന്നെ ഇടയ്ക്കിടെ ഇവിടം അശാന്തമാകാറുണ്ട്.അവൾ ഏറ്റവുംവെറുക്കുന്ന ഇത്തരം ശബ്ദങ്ങൾ അവരെ പുറത്തിറങ്ങാൻ അനുവദിക്കാറില്ല.എന്നാൽ ഇപ്പോൾ കുറച്ച ദിവസമായി വലിയ കുഴപ്പമൊന്നുമില്ല.അവൾ അവിടെ പൂത്തുനിന്നിരുന്ന ഒരു പൂ പറിച്ചെടുത്തു.

അന്ന് വൈകുന്നേരം അവൾ വീട്ടിനുള്ളിൽ ഉമ്മയോടൊപ്പം കളിക്കുകയായിരുന്നു.അവളുടെ പൊട്ടിച്ചിരികൾക്കിടയിൽ പെട്ടന്നൊരു ശബ്ദം കേട്ടു!!ഉമ്മ ചെവി പൊത്തി കണ്ണുമടച്ചിരിക്കുകയാണ്.അവൾഉമ്മയുടെ

മടിയിലേക്കു വീണിരുന്നു.ഭയങ്കരമായ

ശൂന്യത.അവൾ പതുക്കെ

ജനലിനടുത്തെത്തി.കൊളുത്ത് തുറന്ന് കുഞ്ഞു

തലപതുക്കെ പുറത്തേക്കിട്ടു.ആ ശബ്ദം

ഒരിക്കൽകൂടി ആവർത്തിച്ചു...അവളുടെ

നെറ്റിയിലൂടെ ഒരുവെടിയുണ്ട പാഞ്ഞുപോയി.ഉമ്മ

അടുത്തെത്തിയപ്പോഴേക്കും അവൾ നിലത്തു

വീണിരുന്നു.......

പോവുകയാണ് ഈ സ്വർഗ്ഗം

ഇനി ഞങ്ങൾക്കു വേണ്ട...ഇത് ഞങ്ങൾക്ക

സ്വർഗ്ഗവുമല്ല...കടിച്ചുപിടിച്ച വാക്കുകൾ കൊണ്ട്

ഉമ്മ പറഞ്ഞു..മിഴിനീരൊപ്പിക്കൊണ്ട് അവർ

എണീറ്റു.പത്രക്കാർ വേറൊന്നും ചോദിച്ചില്ല...

സലീമ ഇവിടം വിട്ടു പോകാൻ

ആഗ്രഹിച്ചിരുന്നില്ല.അവൾ തനിക്കേറെ ഇഷ്ടപ്പെട്ട

**താഴ്വരയിൽ നിന്നും തിരിച്ചു പോയതുമില്ല.അവൾ ആ താഴ്വരയിൽ ഒരു കുഞ്ഞുപൂവായി അവശേഷിച്ചു...**

ഹാഷിമിയ്യ വി
10 എ

# വിത്തുകൾ നട്ട കിളിക്കുഞ്ഞുങ്ങൾ

പഞ്ചവർണ്ണക്കാട് !എന്നൊരു മനോഹരമായ പ്രദേശമുണ്ടായിരുന്നു! അവിടെ പുഴകളും തോടുകളും മരങ്ങളും  പക്ഷികളും മൃഗങ്ങളുമൊക്കെയുള്ള മനോഹരമായ കാട്. ആ കാട്ടിൽ ഭംഗിയുള്ള ഒരു മഞ്ഞക്കിളിയുണ്ടായിരുന്നു.അവളുടെ പേരാണ് കിങ്ങിണി.കിങ്ങിണിക്ക് മൂന്ന് കുഞ്ഞുങ്ങളുണ്ടായിരുന്നു.കാത്തു,കിട്ടു,കുട്ടു.മൂന്ന് പേരും നല്ല അനുസരണയും കരുണയുമുള്ളവരായിരുന്നു.
അവർ ഒരു വലിയ ഞാവൽമരത്തിലായിരുന്നു താമസിച്ചിരുന്നത്.ചുള്ളിക്കമ്പുകളും നാരുകളും കൊണ്ടൊരു

കുഞ്ഞിക്കൂട്.അങ്ങനെയിരിക്കെ ഒരു ദിവസം

കിങ്ങിണി മൂന്ന്പേരോടുമായി പറഞ്ഞു "അമ്മ

നിങ്ങൾക്കുള്ള തീറ്റ തേടിപ്പോവുകയാണ്.

നിങ്ങൾ കൂട്ടിൽ നിന്നും എങ്ങോട്ടും

പോകരുത്.ഇവിടെ കാട്ടുപൂച്ചകളും പാമ്പുകളു

മൊക്കെയുണ്ട്" അവർ നിങ്ങളെ കണ്ടാൽ

തിന്നും.ഇത്രയും പറഞ്ഞ് കിങ്ങിണി ഭക്ഷണം

തേടിപ്പോയി.ആ തക്കം നോക്കി കുഞ്ഞുങ്ങൾ മൂന്ന്

പേരും പറത്തിറങ്ങി.അവർ ഞാവൽപഴത്തിന്റെ

വിത്തുകളെടുത്ത് മണ്ണിൽ

കുഴിച്ചിട്ടു.അമ്മ കൊണ്ടുവന്ന വെള്ളവും

ഒവിച്ചുകൊടുത്തു.അമ്മതിരിച്ച വന്ന് കൂട്ടിൽ

നോക്കിയപ്പോൾ കുഞ്ഞുങ്ങളെ

കാണാനില്ല.കിങ്ങിണി പരിസരമാകെ

നോക്കിയപ്പോൾ അടിയിൽ കുഞ്ഞുങ്ങൾ വിത്തുകൾ

നടുന്നു.കിങ്ങിണിക്ക് സങ്കടവും സന്തോഷവും ഒരുമിച്ച് വന്നു!കിങ്ങിണി കുഞ്ഞുങ്ങളുടെയടുത്ത് ചെന്ന് എല്ലാവർക്കും ഉമ്മ കൊടുത്തു അവരേയും കൂട്ടി കൂട്ടിലേക്ക് പോയി.

മിന്ന്യ ഫാത്തിമ

5 എ




# <u>കേരളത്തിലെ ശീതകാല വിളകൾ</u>

സെപ്തംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് കേരളത്തിൽ ശീതകാലപച്ചക്കറികൾക്ക് പറ്റിയ സമയം.ഇടുക്കി,വയനാട് ജില്ലകളാണ് ശീതകാലവിളകൾക്കനുയോജ്യം.ഒക്ടോബർ മുതൽ ജനുവരി  വരെ സമതലപ്രദേശങ്ങളിലും ശീതകാല വിളകൾ ഇറക്കാവുന്നതാണ്.

## <u>കാബേജ്,കോളിഫ്ളവർ</u>



**വിത്തുകൾ തടങ്ങളിൽ പാകി ഒക്ടോബർ മാസത്തിൽ തൈകൾ പറിച്ചു നടാം**

**നിലം നന്നായി കിളച്ച് സെന്റൊന്നിന് 100 കി ഗ്രാം ചാണകപ്പൊടിയും 1/2 ഗ്രാം യൂറിയ 250 ഗ്രാം പൊട്ടാഷ് എന്നിവയും ചേർത്ത് 50 സെ.മീ,അകലത്തിൽ ആഴം കുറഞ്ഞ ചാലുകളിൽ തൈകൾ നടാം.**

**ഒന്നിടവിട്ട ദിവസങ്ങളിൽ നനച്ചുകൊടുക്കണം. കൃത്യസമയത്ത് വിളവെടുക്കണം.**



## **<u>കാരറ്റ്</u>**

Sign in



കേരളത്തിലെ
തണുപ്പുള്ള
പ്രദേശങ്ങളിലേക്ക്
യോജിച്ച
കൃഷിയാണ്.
വിത്ത്നേരിട്ട്
വളർത്തുകയാണ്
വേണ്ടത്

കാരറ്റ് ഒരിക്കലു പറിച്ചുനടാൻ പാടില്ല.നല്ല ഇളകിയ മണ്ണാണ് കൃഷിക്കനുയോജ്യം.

**ബീൻസ്**

ശീതകാല വിളകളിൽ പ്രധാനപ്പെട്ട ഒന്നാണ് ബീൻ സ്.എല്ലാ മണ്ണിലും



Sign in

**വളരുന്ന പയർ പോലെയുള്ള ഒന്നാണ് ബീൻ സ്.**

**കൃഷിരീതിയും പയറിനോട് തുല്ല്യം തന്നെ.**

**ശൈത്യകാല വിളയാണെങ്കിലും കൂടുതൽ തണുപ്പ് ആവശ്യമില്ല.**

–

**<u>ഉരുളക്കിഴങ്ങ്</u>**



ആഗസ്റ്റ് -സെപ്തംബർ മാസത്തിൽ കൃഷിയാരംഭിക്കാം.വിത്തു കിഴങ്ങാണ് നടേണ്ടത്.നടീൽ കഴിഞ്ഞ് ഒരു മാസം കഴിഞ്ഞാൽ യൂറിയ വിതറി മണ്ണ് കയറ്റണം.വീണ്ടും ഒരു മാസം കൂടിക്കഴിഞ്ഞാൽ ഒന്നു കൂടി മണ്ണ് കയറ്റിയിടണം.കിഴങ്ങുകൾ പുറമെ വരാതെ ശ്രദ്ധിക്കണം.മൂന്ന് നാല് മാസമെത്തുമ്പോൾ വിളവെടുക്കാം.

ശ്രീപാർവതി സി

5 ബി



ശിഖ എ

# കൗമാരം

സ്നേഹപ്പൂക്കൾ വിതച്ചുയർത്തി
ചെറുപുഞ്ചിരിതൂകി അഗാധമാം
തെറ്റുകളിലേക്കു നയിക്കുന്ന ചിലർക്കു
കൂട്ടു പിടിക്കുന്ന ഒരു കൂട്ടം കൗമാരക്കാർ
വഴി തെറ്റിപ്പോയിവർ വെളിച്ചത്തിൻ
വാതിൽ തുറക്കും വരെ തെറ്റിന്റെ
ചതിക്കുഴികൾ കുഴിച്ചിരുന്നു
അറിയാതെയാ കഴികളിൽ കാൽതെറ്റി
വീണാൽ തിരിച്ചു കയറില്ലിനി -
യൊരുനാളും എന്നോർക്കണം

ശിഖ എ

# Sign in

Sign in



സൗപർണിക യു

# കേരളത്തിലെ നെൽകൃഷി പരമ്പരാഗത രീതികൾ

കേരളത്തിലെ ഗ്രാമീണർ സുലഭമായി കൃഷി ചെയ്തിരുന്ന കാർഷിക വിളയായ നെല്ലിന്റെ ശാസ്ത്രീയ നാമം ഒറൈസ സറ്റൈവ എന്നാണ്.കരളീയരുടെ  പ്രധാന ആഹാരമായ ചോറ് ഉണ്ടാക്കുന്നത് നെല്ല് പുഴുങ്ങി കുത്തിയെടുത്ത അരി ഉപയോഗിച്ചാണ്.ഇന്ന് പാഠശേഖരങ്ങളുടെ കുറവുകൊണ്ടും,താളം തെറ്റിയെത്തുന്ന കാലാവസ്ഥ കൊണ്ടും കർഷകർ മറ്റ് പുതുവിളകൾ തേടിപ്പോയി.നെൽച്ചെടിയുടെ വളർച്ചയ്ക്ക് ധാരാളം



ജലം ആവശ്യമായതു കൊണ്ട് മഴയെ ആശ്രയിച്ചാണ് നെൽകൃഷി ഒരുക്കുന്നത്.

# കൃഷിരീതി

കാലിവളവും പച്ചിലവളവും ധാരാളം ചേർത്ത് വെള്ളം കയറ്റി ഉഴവുമാടുകളെക്കൊണ്ട്  ഉഴുത ശേഷം കലപ്പ ഉപയോഗിച്ച് നിരപ്പ് ഒരുപോലെയാക്കുന്നു.അതിൽ നേരിട്ട് വിത്ത് വിതയ്ക്കുകയോ നേരത്തേ തയ്യാറാക്കി വെച്ചിട്ടുള്ള ഞാറ് (പാകി നിർത്തിയ ഇരുപത് ഇരുപത്തിയഞ്ച് ദിവസം പ്രായമായ നെൽച്ചെടികൾ)പറിച്ചു നടുകയോ ചെയ്യുന്നു.നെൽച്ചെടിയോടൊപ്പം വളർന്നുപൊങ്ങുന്ന കളകളെ പറിച്ചു മാറ്റി രാസവളമോ,ജൈവവളമോ ചെടികൾക്കു നൽകുന്നു. കതിരുകൾ വിളവാകുമ്പോൾ കൊയ്തെടുക്കുന്നു.കറ്റകൾ കെട്ടി മെതിസ്ഥലങ്ങളിൽ എത്തിച്ച് അവിടെ വെച്ച് മെതിച്ച് നെല്ല് വേർതിരിച്ചെടുക്കുന്നു.ഇത് ധാരാളം അധ്വാനമുള്ള ജോലിയാണ്.ബാക്കി വരുന്ന ചെടി ഉണക്കി വൈക്കോലായി സൂക്ഷിക്കുന്നു.വൈക്കോൽ നല്ലൊരു കാലിത്തീറ്റയാണ്.

ഇന്ന് എല്ലാ കൃഷിയുടെയും എല്ലാ മേഖലയിലും യന്ത്രങ്ങൾ എത്തിയിട്ടുണ്ട്.

കേരളത്തിലെ ഗ്രാമങ്ങളിൽ മഴയുടെ ലഭ്യതയ്ക്കനുസരിച്ച് മൂന്ന് തരം കൃഷി സമ്പ്രദായം നിലനിൽക്കുന്നു.

## 1.വിരിപ്പ്

മേടമാസത്തിൽ S ഏപ്രിൽ-മെയ്)കാലവർഷം തുടങ്ങുന്നതിനു മുമ്പ് കർഷകർ പാടങ്ങളൊരുക്കി വിത്ത് വിതച്ച് വിരിപ്പു കൃഷി ആരംഭിക്കുന്നു.ചിങ്ങം-കന്നി(ഓഗസ്റ്റ്-സെപ്റ്റംബർ) യോടെ വിളവെടുപ്പും നടത്തുന്നു.

## 2.മുണ്ടകൻ

ചിങ്ങം-കന്നി(ഓഗസ്റ്റ്-സെപ്റ്റംബർ)യോടെ കൃഷി

തുടങ്ങുകയും ധനു-മകരം(നവംബർ-ഡിസംബർ)മാസത്തോടെ

വിളവെടുപ്പ് നടത്തുന്നു.മുണ്ടകൻകൊയ്ത്ത്,മകരക്കൊയ്ത്ത് എന്നിങ്ങനെ അറിയപ്പെടുന്നു.വിത്തു വിതയ്ക്കുന്നതിനേക്കാൾ കൂടുതൽ വിളവ് ഞാറ് പറിച്ചു നടുമ്പോൾ ലഭിക്കുമെന്നതിനാൽ മുണ്ടകനാണ് വിരിപ്പിനെ അപേക്ഷിച്ച് കൂടുതൽ വിളവ് ലഭിക്കുന്നത്.

# 3.പുഞ്ച

കേരളത്തിലെ കുട്ടനാടൻ പ്രദേശങ്ങളിലാണ് സാധാരണ പുഞ്ച കൃഷി ചെയ്ത് വരുന്നത്.ആഴം കൂടിയ പാടങ്ങളിലും കായൽ നിലങ്ങളിലുമാണ് ഈ കൃഷി ചെയ്യുന്നത്.

വെള്ളത്തിന്റെ നിലയനുസരിച്ച് വൃശ്ചികം-ധനു-മകരം(ഡിസംബർ-ജനുവരി) മാസങ്ങളിൽ പുഞ്ചകൃഷി ആരംഭിക്കുന്നു.മീനം-മേടം(മാർച്ച്-ഏപ്രിൽ)പുഞ്ചകൃഷി ആരംഭിക്കുന്നു.മീനം-മേടം (മാർച്ച്-ഏപ്രിൽ)മാസങ്ങളിൽ വിളവെടുപ്പ് നടത്തുന്നു.

സൗപർണിക യു

6 ബി

# രണ്ടു കവിതകൾ

## പ്രകൃതി

പ്രകൃതിയെയെല്ലാം  വിഷമാക്കീടും
മനുഷ്യർക്കെല്ലാം വിഷബാധ
സൂര്യരശ്മി പതിക്കും നേരം
മണ്ണിലെല്ലാം പ്ലാസ്റ്റിക്
കേരം തിങ്ങും നാടാ നമ്മുടെ
കേരളമെന്നൊന്നോർക്കേണം
ആ മലയിൽ ഈമലയിൽ
സൂര്യരമശ്മി പതിക്കുമ്പോൾ
പ്ലാസ്റ്റിക് കൊണ്ട് വിതാനിച്ച് നീയും
ആകെ ഇന്ന് വിഷത്തിൽ

പ്രകൃതിയെ മൊത്തം വിഷമാക്കാതെ

നിന്നൂടേയീ മനുഷ്യർക്ക്

# ഭൂതകാലം

ആലോകത്തിൽ ഈ ലോകത്തിൽ

ഭൂതകാലം വന്നെത്തീ

ആഘോഷത്തിൻ സ്വാതന്ത്ര്യത്തിൻ

ഭൂതകാലം വന്നെത്തീ

സ്വർണ്ണക്കൊടിമരമേറിയതെത്തീ

സ്വാതന്ത്ര്യത്തിൻ മൂവർണ്ണക്കൊടി

ഗാന്ധിജിയേരറ്റിയ സ്വപ്നമിതാ

സ്വാതന്ത്ര്യത്തിൻ സ്വപ്നമിതാ.....

അമൃത
5 ഡി

# ഭ്രമിയിൽ വസന്തം

വായും ചൂട് എൻ വെള്ളവും ചൂട്
വേനലാമെന്നൊരു നാമാവശ്യവും
വരുമെന്നാ നാമങ്ങൾഒരു
സുന്ദരമാം മന്ദിരം അതോഅത്
വസന്തമാം സ്നേഹിതൻ
ഞാനും പ്രയങ്കരൻ എന്നതെല്ലാം
നാമാവശിഷ്ടമാം തല താഴ്ത്തിയ ദിന-
ങ്ങളെന്നോൻ സുന്ദരിതം
അതാ മന്ദമാരുതൻ അവനോ
ഇളം തെന്നലേ മേനിയിലൊന്നു
തൊട്ടുവാൻ തലോട്ടുവാൻ
എന്തേ എന്നില്ല എങ്ങിനെയെന്നും
വെറും പൊടിപടലങ്ങളോ മറ്റോ വ-
ന്നുചേരുന്നു എൻ ദളങ്ങളിൽ
കൂരിരുട്ടിൻ പ്രകാശമേറി വന്നു പാടുന്നു
അത് എന്തോ ഏതോ എന്നറിയൂ

# Sign in

ഈ ആശ്വാസവായു ആ വേനലിന്

എന്നാലും ചിരിച്ച കൊണ്ട് വരവേ-

ൽക്കുന്ന ആസുന്ദരമാം വസന്തമിതേ...

ദീർഘവേനലിൽ ഉറക്കച്ചടവുമായ് കൂരിരുട്ടിൻ

വേഗമാം കണ്ണുകൾ നിദ്രയിലേക്കാഴുന്നു

ആ വേനലിൻ ചടവുമായെന്നും

കൂരിരുട്ടിൻ വേഗമാം നിദ്രയിലേക്കാഴുന്നു

ആച്ചൂടിൻ വേനലിൽ എന്നുമാം....

വേനലാമെന്നൊരു നാമകരണവു-

മായ് വന്നെത്തുന്നതാ സുന്ദരമാം

അവനാ സുന്ദര വസന്തം

പുലരി പുതുദിനം മുദ്രാവാക്യമാം

ഭീതിയെൻ സ്നേഹമുദ്രം ഓള തി-

രകളായ് അവയതാ ആഞ്ഞടിക്കുന്നു

സ്നേഹതീരത്തിൻ പൂച്ചെണ്ടുകൾ

മിഴികൾ വിടർത്തുന്നു അതാ

എന്താണെന്നോ ആ മേനിയിലൂടെ

ഇഴഞ്ഞു തിളിർ മയിൽ കുഞ്ഞുതുള്ളികൾ

എന്നുമേ സുന്ദരവും സൗഖ്യവും

നിറഞ്ഞ ആ സുന്ദരഗന്ധങ്ങൾ

കൊണ്ടെന്നേ സമ്പൽസമൃദ്ധമീ ഭൂമി-

യായ് എന്നും സമ്പൽസമൃദ്ധമാണീ ഭൂമി.....

# Sign in

**ഉമ്മുഹബീബ കെ**


കൃഷ്ണദാസ്

# മഴവില്ല്

ഏഴുനിറം ചേർന്ന മാരിവില്ല്
ഏഴഴകുള്ളൊരു മാരിവില്ല്
ആഴിക്കു മേലിൽ വളഞ്ഞവില്ല്
പൂഴി കുഴയ്ക്കും മുഴുത്തവില്ല്
മഴമേഘ നൃത്തത്തിൻ തൊട്ടുമുന്നെ
സൂര്യന്റെ രശ്മി പതിച്ചുവെങ്കിൽ
ചേലിൽപടിഞ്ഞാറ് മാനത്തയ്യാ
കാലത്തു കാണാം പുതിയ വില്ല്
അന്തി വരുന്നതിൻ മുമ്പ് കാണാം
ചന്തത്തിൽ വില്ല് കിഴക്കു മേലിൽ

കൃഷ്ണദാസ് കെ
൯ ബി



ദർശന

# വേനൽ

തുലാവൃശ്ചിക ധനുമകരമാസങ്ങൾ കടന്നു പോയി.ആകാശത്തെ റാന്തലിന്റെ ചൂട് കഠിനമാകുവാൻ പോവുകയാണ്.മലയിൽ നിന്നും കുത്തിയൊലിച്ച വന്ന വമ്പൻ ചാലുകൾ വണ്ണം കുറഞ്ഞുവരുന്നു.തലയുയർത്തി നിന്നിരുന്ന ഹരിതമനോഹരികൾക്ക് ദാഹം സഹിക്കാതെ വികൃതമാവുന്നു.കിണറ്റിലേയും തോടുകളിലേയും ചെറുമത്സ്യങ്ങളുടെ കണ്ണിൽ ഭയം.പക്ഷിക്കൂട്ടങ്ങൾ വരാൻ പോകുന്ന വലിയ ആപത്ത് മുന്നേ കണ്ട പോലെ അലറിക്കരയുന്നു.ഇനിയെന്താണാവോ?? എവിടേക്കാണാവോ മീനത്തിന്റെയാത്ര......??

ദർശന പി

9 ബി